(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽനിന്നും എഴുന്നേറ്റുനിന്ന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ഇത് ചോദ്യോത്തര സമയമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ സഭ നടത്തിക്കൊണ്ടുപോകുന്നതിന് സഹകരിക്കണം. എന്തെങ്കിലും വിഷയമുണ്ടെങ്കിൽ ശൂന്യവേളയിൽ എടുക്കാം. ....പ്ലീസ്.....

(സ്പീക്കറുടെ അഭ്യർത്ഥനയെത്തുടർന്ന് ശാന്തരായ പ്രതിപക്ഷാംഗങ്ങൾ, ഭരണപക്ഷത്തുനിന്നുമുണ്ടായ ഒരു പരാമർശത്തെത്തുടർന്ന് പ്രസ്തുത പരാമർശം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് പ്രതിഷേധിച്ചു. )

മി. സ്പീക്കർ: ഇത് ചോദ്യോത്തര സമയമാണ്. ചോദ്യോത്തര സമയം ഇത്തരത്തിൽ ബഹളമുണ്ടാക്കാനുള്ളതല്ല. ദയവായി നിങ്ങൾ സീറ്റിലേയ്ക്ക് പോകണം ....പ്ലീസ്..... അനാവശ്യമായ കമന്റ് എല്ലാഭാഗത്തുനിന്നും ഒഴിവാക്കണം. .....(ബഹളം).......ഇപ്പോൾ പറഞ്ഞ കമന്റൊന്നും സഭാരേഖയിൽ ഇല്ല. സഭാരേഖയിൽ ഇല്ലാത്ത ഒരു കാര്യം പിൻവലിക്കാൻ പറയാൻ ചെയറിന് കഴില്ല. .....

(ബഹളം)....... സഭയുടെ ഭാഗത്തുനിന്നുവരുന്ന കമന്റുകൾക്കെല്ലാം ചെയർ മറുപടി പറയേണ്ടതില്ല. സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. നിങ്ങൾ സഹകരിച്ചില്ലെങ്കിൽ ചോദ്യോത്തരവേള നിർത്തിവയ്ക്കേണ്ടി വരും. ..... (ബഹളം)....... ഇവിടെ ചോദ്യോത്തരവേളയുടെ ആരംഭത്തിൽ ബഹളം വയ്ക്കരുതെന്ന് ഞാൻ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങളോട് പറഞ്ഞു. അവർ അത് അനുസരിച്ചു. അതിനുശേഷം സഭയുടെ ഭാഗത്തുനിന്നും വരുന്ന കമന്റ് ശരിയല്ല.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി)

മി. സ്പീക്കർ : ....ഓർഡർ.....ഓർഡർ.... ചോദ്യം നമ്പർ: *31

## നാളേയ്ക്ക് ഇത്തിരി ഊർജ്ജം പദ്ധതി

1 (*31) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളേക്ക് ഇത്തിരി ഊർജ്ജം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ,

(എ) നടപ്പാക്കിയിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളിൽ ഊർജ്ജ അവബോധം വളർത്തുക, ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

(സി) എനർജി മാനേജ്മെന്റ് സെന്ററും കെ.എസ്.ഇ.ബി.യും ചേർന്ന് ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകത പ്രചരിപ്പിക്കാനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കാനുമായിട്ടാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതിന്റെ തുടർച്ചയായി എനർജി മാനേജ്മെന്റ് സെന്റർ, സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ കേരളത്തിലുടനീളം സർക്കാർ, എയ്ഡഡ്,അൺ എയ്ഡഡ്, സി.ബി.എസ്.ഇ., പ്രൈവറ്റ് സ്കൂളുകൾ എന്നിവയെ ബന്ധിപ്പിച്ച് ഊർജ്ജക്ലബുകൾ രൂപീകരിച്ചു. SEP യുടെ കീഴിൽ 2013-14 കാലയളവിൽ 41 വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും 10 സ്കൂളുകൾ എന്ന കണക്കിന് 410 സ്കൂളുകളെ ചേർക്കാൻ തീരുമാനിക്കുകയും 392 സ്കൂളുകൾ അംഗങ്ങളാകുകയും ചെയ്തു. ഈ വർഷം 2014-15 കാലയളവിൽ 2000 സ്കൂളുകളെ ചേർക്കാൻ തീരുമാനിച്ചതിൽ 1500 സ്കൂളുകൾ ഇതിനകം ചേർന്നു. SEP നടത്തിപ്പിനായി ഇ.എം.സി. യുടെ കീഴിൽ 14 ജില്ലകളിലും ഓരോ ജില്ലയ്ക്കും ഒന്ന് എന്ന കണക്കിന് പതിനാല് ജില്ലാ കോ-ഓർഡിനേറ്റർമാരും അവരുടെ കീഴിൽ 41

വിദ്യാഭ്യാസ ജില്ലകളിൽ ഓരോന്നിലും ഒന്ന് എന്ന കണക്കിന് ജോയിന്റ് കോ-ഓർഡിനേറ്റർമാരും പ്രവർത്തിക്കുന്നു. സ്കൂളുകളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മികച്ച ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയവർക്ക് സമ്മാനം നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:</u> സർ, കെ.എസ്.ഇ.ബി യും എനർജി മാനേജ്മെന്റ് സെന്ററും ചേർന്ന് നടത്തിവരുന്ന ഊർജ്ജസംരക്ഷണ പദ്ധതി നമ്മുടെ നാട്ടിൽ വളരെ ഫലം ചെയ്തിട്ടുണ്ട്. വീടുകളിൽ ലൈറ്റ്, ടി. വി, തുടങ്ങിയ ഉപകരണങ്ങളൊന്നും അനാവശ്യമായി ഉപയോഗിക്കരുതെന്നുള്ള അവബോധം വിദ്യാർത്ഥികൾക്കിടയിൽ ഉണ്ടാക്കിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഒരു മെഗാവാട്ട് വൈദ്യുതിയുണ്ടാക്കാൻ പത്ത് കോടി രൂപ ചെലവുണ്ടെങ്കിൽ ഒരു മെഗാവാട്ട് വൈദ്യുതി സൂക്ഷിച്ചുപയോഗിച്ചാൽ പതിനഞ്ച് ലക്ഷം രൂപ മാത്രമേ വേണ്ടിവരു എന്നാണ് കണക്ക്. അങ്ങയുടെ കണക്കനുസരിച്ച് ഊർജ്ജക്ലബ്ബുകൾ ഇപ്പോൾ ഏകദേശം 400 ഗവൺമെന്റ് സ്കൂളുകളിൽ മാത്രമേയുള്ളൂ. കേരളത്തിൽ 12000 സ്കൂളുകളുണ്ട്. അടിയന്തരമായി എല്ലാ സ്കൂളുകളിലേയ്ക്കും ഇത്

വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി അങ്ങ് തയ്യാറാക്കണം. മറ്റൊന്ന്, സ്ട്രീറ്റ് ലൈറ്റുകളും പൊതു സ്ഥലത്തുപയോഗിക്കുന്ന ബൾബുകളുമെല്ലാം LED ആക്കുന്നതിന്റെ ഭാഗമായി നടത്തുന്ന ബോധവൽക്കരണംപോലുള്ള പ്രായോഗികമായ പദ്ധതികൾക്ക് കെ.എസ്.ഇ.ബി. ശ്രമം നടത്തുമോ?

ഊർജ്ജ വകുപ്പ് മന്ത്രി (ശ്രീ.ആര്യാടൻ മുഹമ്മദ്): സർ, ഊർജ്ജ സംരക്ഷണത്തിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിലെല്ലാം ഇപ്പോൾ LED പ്രൊമോട്ട് ചെയ്യുന്നുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ കുറെ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും ചെയ്യാൻ സാധിച്ചിട്ടുണ്ട്. 400 സ്കൂളുകളിലല്ല, 1500 ഓളം വിദ്യാലയങ്ങളിൽ ഊർജ്ജക്ലബ് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രവർത്തനം നടത്തിവരികയാണ്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതുപോലെ നമ്മുടെ വ്യവസായ സ്ഥാപനങ്ങളിലും കെ.എസ്.ഇ.ബി.യും എനർജി മാനേജ്മെന്റ് സെന്ററുമെല്ലാം ഇടപെടേണ്ടതാണ്. കേരളത്തിലെ വൻകിട/ചെറുകിട വ്യവസായ സ്ഥാപനങ്ങളിലെ വൈദ്യുതിയുടെ ഉപയോഗം വികസിത രാജ്യങ്ങളുടേതിനേക്കാൾ ഇരട്ടിയാണ് എന്നാണ് പറയുന്നത്. അതിന് കാരണം നമ്മുടെ മെഷിനറികളും ടെക്നോളജിയുമൊക്കെ ഔട്ട്ഡേറ്റഡ്

ആണെന്നുള്ളതാണ്. വ്യവസായ സ്ഥാപനങ്ങളെ ആധുനികവൽക്കരിച്ചാൽ നൂറുകണക്കിനു മെഗാവാട്ട് വൈദ്യുതി നമുക്ക് ലാഭിക്കാൻ കഴിയും. ഇക്കാര്യത്തിൽ വ്യവസായ മേഖലകളിൽ ഇടപെടുന്നതിന് ഒരു സമഗ്രമായ പദ്ധതി തയ്യാറാക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇതിനുവേണ്ടി ഒരു പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ ആവിഷ്ക്കരിച്ചിട്ടുണ്ട്. മാത്രമല്ല, ഊർജ്ജനഷ്ടം കുറച്ച് ഏറ്റവും കൂടുതൽ ഊർജ്ജസംരക്ഷണം നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക അവാർഡ് നൽകുന്നുണ്ട്. അതുപോലെ എനർജി ഓഡിറ്റിംഗ് നടത്താനുള്ള ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഇത് വ്യാപകമാക്കുന്നിനുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, കേന്ദ്ര ഊർജ്ജ മന്ത്രാലയം ഏർപ്പെടുത്തിയ ദേശീയ ഊർജ്ജ സംരക്ഷണ അവാർഡ് മൂന്നു വർഷം തുടർച്ചയായി ഇ.എം.സി ക്ക് ലഭിച്ചതിൽ ബഹുമാനപ്പെട്ട മന്ത്രിയേയും ഇലക്ട്രിസിറ്റി ബോർഡിനേയും അഭിനന്ദിക്കുകയാണ്. ഊർജ്ജസംരക്ഷണത്തിൽ പ്രസരണ നഷ്ടം മാത്രമല്ല കുറയ്ക്കേണ്ടത്. കേരളത്തിൽ ഏകദേശം 80 ലക്ഷം വീടുകളുണ്ട്. ഇത്രയും വീടുകളിൽ അനാവശ്യമായി കത്തിക്കിടക്കുന്ന ഓരോ ബൾബ് ഓഫ് ചെയ്താൽത്തന്നെ 480 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയും. അതിന്റെ

പകുതിയായ 240 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കണമെങ്കിൽപ്പോലും ഏകദേശം 2000 കോടി രൂപ ചെലവാകും. അതുകൊണ്ട് നമ്മുടെ വീടുകളിൽ വൈദ്യുതി പാഴാകുന്നത് തടയാൻ കുട്ടികളെയും മുതിർന്നവരേയും ബോധവൽക്കരിക്കണം. ഇതിനായി 'ഒരു വീട്ടിൽ ഒരു ബൾബെങ്കിലും ഓഫ് ചെയ്യുക' എന്നൊരു ഇന്റൻസീവ് കാമ്പയിനിംഗ് നടത്താൻ തയ്യാറാകുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രസക്തമായൊരു കാര്യമാണ്. 86 ലക്ഷം വീടുകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. ആകെ കണക്ഷനുകൾ ഒരു കോടി ഏഴ് ലക്ഷത്തോളം വരും. അതിൽ 86 ലക്ഷം ഡൊമസ്റ്റിക് കണക്ഷനാണ്. ഇതിൽനിന്ന് ആറ് ലക്ഷം ഒഴിവാക്കി 80 ലക്ഷമെടുത്താൽ അദ്ദേഹം പറഞ്ഞ കണക്ക് ശരിയാണ്. 480 മെഗാവാട്ട് നമുക്ക് ലാഭിക്കാൻ സാധിക്കും. 60 വാട്ട്സിന്റെ ബൾബുകൾ എന്ന് കണക്കാക്കിയാണ് 480 മെഗാവാട്ട് എന്ന് പറയുന്നത്. എൽ. ഇ.ഡി.യും സി.എഫ്.എൽ.-ഉം കുറെ ആളുകൾ ഉപയോഗിക്കുന്നതുകൊണ്ട് അതിന്റെ പകുതിയെടുത്താൽത്തന്നെ 240 മെഗാവാട്ട് വരും. ഒരു മെഗാ വാട്ടിന് 8 കോടി രൂപ വീതം ചെലവ് കണക്കാക്കിയാൽ അതിനു വേണ്ടിയുള്ള ഇൻവെസ്റ്റ്മെന്റ് തന്നെ 2000 കോടിയോളം നമുക്ക് ലാഭിക്കാൻ സാധിക്കും. തുടർന്ന് കിട്ടുന്ന എനർജി നമുക്ക്

വലിയൊരു സേവിംഗ്സായി മാറും. മൂന്നോ നാലോ ബൾബുകൾ മാത്രമുപയോഗിക്കുന്ന പാവപ്പെട്ടവരുടെ വീട് ഒഴികെയുള്ള എല്ലാ വീടുകളിലും ഒരോ ബൾബ് വീതം ഓഫ് ആക്കിയാൽ ഈ ലക്ഷ്യം നേടാൻ സാധിക്കും. ഇതിനു വേണ്ടിയുള്ള ശ്രമം ഇ.എം.സി.യും കെ.എസ്.ഇ.ബി. യും നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇന്ധനവും വെള്ളവുമൊക്കെ സ്റ്റോർ ചെയ്യുന്നതുപോലെ വൈദ്യുതി സ്റ്റോർ ചെയ്യാൻ സാധ്യമല്ല. അതിന്റെ പ്രൊഡക്ഷൻ കുറച്ചാൽ മതിയാകും. പ്രസരണ നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ആവശ്യമില്ലാത്ത ബൾബുകൾ ഓഫാക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ആകർഷകമായ ഒരു മുദ്രാവാക്യം കണ്ടെത്താനും അത് നമ്മുടെ സ്കൂളുകൾ വഴി പ്രചരിപ്പിക്കാനുമുള്ള സംവിധാനമുണ്ടാക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അതിനായിട്ടാണ് 'നാളേയ്ക്ക് ഇത്തിരി ഊർജ്ജം' എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. അത് പോരാ എന്നുണ്ടെങ്കിൽ മാറ്റാനുള്ള ശ്രമം നടത്താം. ബഹുമാനപ്പെട്ട മെമ്പർതന്നെ നല്ലൊരു അഭിപ്രായം പറഞ്ഞാൽ അത് സ്വീകരിക്കാനും ബുദ്ധിമുട്ടില്ല.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, 'നാളേയ്ക്ക് ഇത്തിരി ഊർജ്ജം' പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ഊർജ്ജസംരക്ഷണ പ്രോജക്ടുകൾ നിർമ്മിക്കാൻ വേണ്ട സഹായം നൽകുന്ന രീതിയിൽ ഓരോ സ്കൂളിലും ഒരു അദ്ധ്യാപകനെങ്കിലും ഊർജ്ജസംരക്ഷണത്തിനുള്ള പരിശീലനം നൽകാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇതിനുവേണ്ടി ഒരു ഇൻസ്റ്റിറ്റ്യൂട്ട് തന്നെയുണ്ട്. അവിടെ അദ്ധ്യാപകർക്കും ഇക്കാര്യത്തിൽ താൽപ്പര്യമുള്ളവർക്കും ആവശ്യമായ സാമ്പത്തിക/സാങ്കേതിക സഹായം ചെയ്തുവരുന്നുണ്ട്. കുട്ടികൾക്കുവേണ്ടി പ്രത്യേകമായ ക്ലാസ്സുകൾ വച്ചിട്ടുണ്ട്. എന്നുമാത്രമല്ല, 125-ഓളം ഫെസിലിറ്റേറ്റേഴ്സിനെ ഇതിനായി നിയമിച്ചിട്ടുണ്ട്. അവർ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കായി പലവിധത്തിലുള്ള കോമ്പറ്റീഷനുകൾ നടത്തി സമ്മാനങ്ങൾ കൊടുക്കുന്നുമുണ്ട്. ഇതെല്ലാം ഇപ്പോൾ ചെയ്തുവരുന്നുണ്ട്.

ശ്രീ. എ.കെ. ബാലൻ: സർ, ഊർജ്ജോല്പാദനം പോലെതന്നെ ഊർജ്ജസംരക്ഷണവും വളരെ പ്രധാനപ്പെട്ടതാണ്. ഇതിനായി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് നിരവധി പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതിന്റെ ഭാഗമായിട്ടാണ് ഒന്നരക്കോടി സി.എഫ്.എൽ. ബൾബുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കാൻ

കഴിഞ്ഞത്. 10 ലക്ഷം സി.എഫ്.എൽ. സൗജന്യമായി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കൊടുത്തു. മറ്റുള്ളവർക്ക് 150 രൂപ വില വരുന്ന സി.എഫ്.എൽ. ആണ് 30 രൂപയ്ക്ക് കൊടുത്തത്. അതിന്റെ ഭാഗമായി 350-ഓളം മെഗാവാട്ട് വൈദ്യുതിയാണ് നമുക്ക് ലാഭിക്കാൻ കഴിഞ്ഞത്. ഇതിനെത്തുടർന്ന് യുണൈറ്റഡ് നേഷൻസിൽ 100 കോടിയോളം രൂപയുടെ കാർബൺ ക്രെഡിറ്റിന് അപേക്ഷിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട നടപടികൾ എവിടെവരെയായി; പ്രസരണ നഷ്ടം കേരളത്തിൽ 36 ശതമാനമായിരുന്ന് 27 ശതമാനത്തിലേയ്ക്കും പിന്നീട് 16 ശതമാനത്തിലേയ്ക്കും താഴ്ത്തിക്കൊണ്ടുവരാൻ കഴിഞ്ഞിരുന്നു. ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി പ്രസരണ നഷ്ടം ഇപ്പോൾ എത്ര ശതമാനം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കാർബൺ ക്രെഡിറ്റ് ലഭിക്കുന്നതിനായി തുടർന്നും വളരെയധികം ശ്രമങ്ങൾ നടത്തിയെങ്കിലും ഒരു തുകയും ആ വകയിൽ ഇതുവരെയും ലഭിച്ചിട്ടില്ല എന്നതാണ് വസ്തുത. മറ്റൊരുകാര്യം, സി.എഫ്.എൽ. നൽകിയതുവഴി 350 മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ അന്ന് കഴിഞ്ഞിട്ടുണ്ടാകാമെങ്കിലും ഇപ്പോൾ അതിന്റെ പ്രയോജനം ലഭിക്കുന്നില്ല. കാരണം ആ ബൾബുകളെല്ലാം ഇപ്പോൾ ഉപയോഗശൂന്യമായിക്കഴിഞ്ഞു. എന്നാൽ മറ്റ് പല

പദ്ധതികളും നടപ്പാക്കിയതുകൊണ്ട് പ്രസരണനഷ്ടം വളരെയേറെ കുറയ്ക്കാൻ സാധിച്ചു. R-APDRP(Re-structured Accelerated Power Development and Reforms Pro gramme) എന്ന കേന്ദ്രഗവൺമെന്റ് പദ്ധതി AT&C Loss 15 ശതമാനമായി കുറയ്ക്കുക എന്നതായിരുന്നു. അത് പതിനാലര ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. അതുകൊണ്ട് നമുക്ക് അവാർഡും നേടാൻ സാധിച്ചുവെന്നുള്ളതാണ് വസ്തുത.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് R-APDRP പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ ഏകദേശം 240 കോടിരൂപയുടെ അണ്ടർഗ്രൗണ്ട് കേബിൾ ഇട്ടുവഴി ട്രാൻസ്മിഷൻ ലോസ് തടയാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അതുപോലെതന്നെ വൈദ്യുതി മോഷണം നടക്കുന്നത് തടയാനും ഒരുപരിധിവരെ സാധിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.യുടെ മോഡേണൈസേഷന്റെ ഭാഗമായി ഈ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ സാധിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, കേന്ദ്രഗവൺമെന്റ് അതിനുവേണ്ടി ഇപ്പോൾ പുതിയതായി ഒരു സ്കീം ആരംഭിച്ചിട്ടുണ്ട്. ആ സ്കീമിൽ കേരളവും ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി മറ്റു സ്ഥലങ്ങളിലേയ്ക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ സാധിക്കും.

ശ്രീ. എം. വി. ജയരാജൻ: സർ, വൈദ്യുതി മേഖലയിലെ ഒരു പ്രധാന പ്രശ്നം പ്രസരണനഷ്ടം തന്നെയാണ്. 27 ശതമാനം വരെ പ്രസരണനഷ്ടം ഈ സംസ്ഥാനം നേരിട്ടിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അത് കുറച്ചുകൊണ്ടുവന്ന് 16 ശതമാനത്തിലേയ്ക്ക് എത്തിച്ചു. പ്രസരണനഷ്ടം കുറയ്ക്കാൻ കേരളത്തിന്റെ എല്ലാ പട്ടണപ്രദേശങ്ങളിലും കേബിൾ സിസ്റ്റം നടപ്പിലാക്കാൻ കേന്ദ്രാവിഷ്കൃത പദ്ധതി ഉണ്ടായിരുന്നു. അത് നമ്മുടെ സംസ്ഥാനത്ത് എത്രമാത്രം നടപ്പിലാക്കാൻ സാധിച്ചു. അതുപോലെ തന്നെ ഊർജ്ജപ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുന്ന ഏറ്റവും ശാസ്ത്രീയമായിട്ടുള്ള ഒന്നാണ് സോളാർ എനർജി. നമ്മുടെ സർക്കാർ ആഫീസുകളിലും പകൽ പ്രവർത്തിക്കുന്ന എല്ലാ ആഫീസുകളിലും സോളാർ എനർജി ഉപയോഗിച്ചാൽ ഊർജ്ജസംരക്ഷണത്തിലൂടെയും പവർ പ്രോജക്ടുകളിൽനിന്നും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വൈദ്യുതി ഉപയോഗിച്ചുകൊണ്ടും വൈദ്യുതി രംഗത്ത് sufficient ആയിട്ടുള്ള ഒരു സംസ്ഥാനമായി കേരളം മാറും. നെടുമ്പാശ്ശേരി എയർപോർട്ടിൽ സോളാർ എനർജി ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള സംവിധാനമുണ്ട്. അത്തരത്തിലുള്ള ഒരു സംവിധാനം നമ്മുടെ സർക്കാർ ഓഫീസുകളിലും സെക്രട്ടേറിയറ്റിലും നിയമസഭാ മന്ദിരത്തിലുമൊക്കെ സ്ഥാപിച്ച് പാഴായിപ്പോകുന്ന സൗരോർജ്ജം ഉപയോഗപ്പെടുത്താനുള്ള പ്രത്യേക പദ്ധതിക്ക്

ഗവൺമെന്റ് രൂപം കൊടുക്കുമോ; അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നല്ലൊരാശയമാണ്. ആ പദ്ധതിക്ക് രൂപം നൽകിക്കഴിഞ്ഞു, പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. നിയമസഭാ സെക്രട്ടേറിയറ്റിൽത്തന്നെ ഇത് ചെയ്തിട്ടുണ്ട്. പ്ലാനിംഗ് ബോർഡിന്റെ ഓഫീസ്, സെക്രട്ടേറിയറ്റ് തുടങ്ങിയ പല ഗവൺമെന്റ് ഓഫീസുകളിലും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. മറ്റ് ഗവൺമെന്റ് ഓഫീസുകളിലും വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടിയുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക സ്ഥിതി അനുസരിച്ചുമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. പെട്ടെന്ന് എല്ലായിടത്തും ഒരുമിച്ച് ചെയ്യാൻ സാധ്യമല്ലാത്ത സാഹചര്യമാണ്. മുമ്പ് സംസ്ഥാനത്ത് സോളാർ പവർ ഒരു കിലോവാട്ട് പോലുമുണ്ടായിരുന്നില്ല. ഇപ്പോൾ പതിനായിരം വീടുകളിൽ ഓരോ കിലോവാട്ടിന്റെ റൂഫ് ടോപ്പ് സോളാർ വയ്ക്കുന്നുണ്ട്, അത് ഏകദേശം എണ്ണായിരത്തോളം കഴിഞ്ഞു. ഈ വർഷം 12000 വീടുകൾ കൂടി ഗ്രിഡ് കണക്ടഡ് ചെയ്യാൻ ഉദ്ദേശിക്കുന്നു. അതിന് സബ്സിഡിയും നൽകുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉല്പാദിപ്പിക്കാൻ ശ്രമം നടക്കുന്നുണ്ട്. അതിനായി സ്ഥലം ഐഡന്റിഫൈ ചെയ്തു. ആറ്

മാസത്തിനുള്ളിൽ 100 മെഗാവാട്ടെങ്കിലും അവിടെ ഉല്പാദിപ്പിക്കാൻ സാധിക്കും എന്നാണ് വിശ്വസിക്കുന്നത്. അതുപോലെ 22 മെഗാ വാട്ട് പാലക്കാട് കിൻഫ്രയുടെ സ്ഥലത്തും തുടങ്ങാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനവും നടന്നുവരുന്നു. ഇതുപോലെ കുറേകാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. പക്ഷേ ഒന്നിച്ച് എല്ലാം ചെയ്യാൻ സാമ്പത്തിക പ്രയാസമാണ് തടസ്സമായി നിൽക്കുന്നത്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: വൈദ്യുതി പദ്ധതികളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് ചർച്ച വരികയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം നൽകുന്ന കാര്യത്തിൽ യു.പി.എ സർക്കാരും നിലവിലുള്ള സർക്കാരും തമ്മിൽ കാര്യമായ മാറ്റമുണ്ടെന്ന് അറിയാൻ സാധിച്ചു. സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചുകൊടുക്കേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ നമുക്ക് കുറേക്കൂടി ഫണ്ടനുവദിച്ചിരുന്നുവെന്നും ഉദ്യോഗസ്ഥർ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ കേന്ദ്രവിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; സംസ്ഥാന വിഹിതം കൂടുതലായി കൊടുക്കേണ്ട സാഹചര്യമുണ്ടോ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, രാജീവ് ഗാന്ധി ഗ്രാമീൺ വിദ്യുത് യോജന എന്നുപറയുന്ന പദ്ധതിക്ക് കേന്ദ്രഗവൺമെന്റ് 90 ശതമാനം വിഹിതമാണ് നൽകിയിരുന്നത്. എന്നാൽ ആ പദ്ധതി നിർത്തൽ ചെയ്യുകയും 'ദീനദയാൽ

ഉപാദ്ധ്യായ' എന്ന പേരിൽ വീണ്ടും തുടങ്ങുകയും ചെയ്തു. എന്നാൽ കേന്ദ്രഗവൺമെന്റ് 90 ശതമാനം വിഹിതം നൽകിയിരുന്നത് ഇപ്പോൾ 60 ശതമാനമാക്കി ചുരുക്കുകയും യഥാസമയം ചെയ്തുതീർക്കുകയാണെങ്കിൽ 15 ശതമാനം കൂടി ലഭിക്കുകയും ചെയ്യും. അങ്ങനെ കേന്ദ്രവിഹിതം 75 ശതമാനമായി വെട്ടിക്കുറച്ചു. അതാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. ബാക്കിയുള്ള വിഹിതം സംസ്ഥാന സർക്കാർ തന്നെ വഹിക്കണമെന്നാണ് പറയുന്നത്. ആ വിഹിതം വഹിച്ചുകൊണ്ട് ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ തന്നെയാണ് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: 'നാളേയ്ക്ക് ഇത്തിരി ഊർജ്ജം' പദ്ധതി തയ്യാറാക്കിയത് നല്ലതുതന്നെയാണ്. വിദ്യാർത്ഥികളേയും വ്യവസായികളേയും സമൂഹത്തെയാകെയും ബോധവൽക്കരിച്ച് വൈദ്യുതി സംരക്ഷിക്കണമെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. പക്ഷേ എനിക്ക് അങ്ങയോട് പറയാനുള്ളത്, സർക്കാർ ഓഫീസുകളിലും എം.എൽ.എ ക്വാർട്ടേഴ്സിലുമൊക്കെയായി അനാവശ്യമായി കത്തിക്കിടക്കുന്ന ബൾബുകൾ ഓഫ് ചെയ്താൽത്തന്നെ ലക്ഷക്കണക്കിന് യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയും. രാത്രിയും പകലും ഓഫാക്കാത്ത ബൾബുകളും ഫാനുകളും നമ്മുടെ സർക്കാർ ഓഫീസുകളിലുണ്ട്. കറണ്ട്

കട്ടായാൽ മാത്രം ഓഫാവുക എന്ന സ്ഥിതിയാണുള്ളത്. ആദ്യമായി സർക്കാർ ജീവനക്കാർക്ക് ബോധവത്ക്കരണം നൽകിയാൽ മാത്രമേ താഴെത്തലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള ശ്രമം നടത്തുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില സംഭവങ്ങളുണ്ടെന്നുള്ളത് സത്യമാണ്. അത് പൂർണ്ണമായി ഇല്ലാതാക്കാനുള്ള ശ്രമം നടത്തുകയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതുപോലെ ബൾബ് കത്തിക്കുമ്പോൾ അതിന്റെ വോൾട്ടേജ് കുറയ്ക്കുന്നതിനുവേണ്ടി സി.എഫ്.എൽ. ലാമ്പ് വിതരണം ചെയ്യാനുള്ള നടപടി അങ്ങ് സ്വീകരിച്ചു. അതിന് വളരെ നല്ല റിസൾട്ടുണ്ടായി. സി.എഫ്.എൽ. ലാമ്പ് ഫ്യൂസായിക്കഴിഞ്ഞാൽ ക്യാൻസർ ബാധിക്കാൻ കാരണമാകുന്നുവെന്ന് പറയുന്നതിനാൽ ജനങ്ങൾ അത് ഉപയോഗിക്കുന്നത് തടഞ്ഞിട്ടുണ്ട്. സ്വാഭാവികമായും പിന്നെ എൽ.ഇ.ഡി. ലൈറ്റാണ് ഉപയോഗിക്കുന്നത്. അത് രണ്ട്, മൂന്ന് വർഷം നിലനിൽക്കുമെങ്കിലും ഒന്നിച്ചുവാങ്ങുന്നതിന് വലിയ ചെലവുള്ളതിനാൽ

അത് താങ്ങാൻ കഴിയാത്ത ഒരു പ്രശ്നമുണ്ട്. ഉപഭോക്താക്കൾക്ക് ഇത് വാങ്ങാൻ അനുമതി കൊടുക്കുകയും അവരത് തുടർച്ചയായ മൂന്ന് മാസത്തിനുള്ളിൽ അതിന്റെ കുറവ് ബോധ്യപ്പെടുകയും ചെയ്യുമ്പോൾ സബ്സിഡി അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുകയാണെങ്കിൽ കെ.എസ്.ഇ .ബി.യ്ക്ക് വലിയ നഷ്ടം ഇല്ലാതെ നടപ്പാക്കാനും വലിയ ഒരു അളവ് ഊർജ്ജം സംരക്ഷിക്കാനും സാധിക്കും. അത്തരത്തിലുള്ള ഒരു ആലോചന നടത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇക്കാര്യം ബോർഡ് ആലോചിച്ചിട്ടുണ്ട്. രണ്ട് എൽ.ഇ.ഡി. ബൾബുവീതം സൗജന്യമായി ബി.പി.എൽ കുടുംബങ്ങൾക്കും എസ്.സി/എസ്.റ്റി കുടുംബങ്ങൾക്കും കൊടുക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതുപോലെതന്നെ ഇത് ബൾക്കായി വാങ്ങുമ്പോൾ വില കുറയും. അങ്ങനെ വാങ്ങി ബാക്കിയുള്ള കൺസ്യൂമേഴ്സിന് കൊടുക്കാനുള്ള ഒരു പദ്ധതിയ്ക്കും രൂപം നൽകി വരുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : സർ, ഊർജ്ജനഷ്ടം തടയാൻ നടത്തുന്ന ഏതൊരു പ്രവർത്തനവും വളരെ ശ്ലാഘനീയമാണ്. എന്നാൽ അതുമാത്രം പോര. ഭാവിയിൽ നമ്മുടെ രാജ്യത്തിനാവശ്യമായ വലിയ തോതിലുള്ള വൈദ്യുതി

ഉല്പാദിപ്പിക്കാൻ ആവശ്യമായിട്ടുള്ള മെഗാ പദ്ധതി.... എന്റെ മണ്ഡലത്തിലെ ചീമേനിയിൽ 2000 ഏക്കർ സ്ഥലം എടുത്തിട്ട് എത്രയോ വർഷങ്ങളായി. അവിടെ കൽക്കരി ഹോൾ ബെയ്സ്ഡ് ആയി കൊണ്ടുവരാനുള്ള പ്രോജക്ടാണ് നടപ്പാക്കാൻ ഉദ്ദേശിച്ചത്. പക്ഷേ, നാട്ടുകാർ അതിന് അനുവദിക്കുന്നില്ല. ഗ്യാസ് വൈസായി കൊണ്ടു വരാനും കഴിയുന്നില്ല. 2000 ഏക്കർ സ്ഥലത്ത് നമുക്ക് സോളാർ വൈദ്യുതി ഉല്പാദിപ്പിക്കുവാനാവശ്യമായ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, സോളാറിന്റെ കാര്യത്തിൽ ഈ ഗവൺമെന്റും കഴിഞ്ഞ ഗവൺമെന്റുമൊക്കെ ശ്രമിച്ചതാണ്. പക്ഷേ, അവിടുത്തെ എതിർപ്പ് കാരണം അത് ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് നല്ലതുപോലെ അറിയാം. മറ്റൊന്ന് ഗ്യാസിന്റെ കാര്യമാണ് അങ്ങ് സൂചിപ്പിച്ചത്. പൈപ്പ് ലൈൻ ഇട്ടാലേ ഗ്യാസ് കൊണ്ടുപോകാനായി സാധിക്കുകയുള്ളൂ. പൈപ്പ് ലൈൻ ഇടാൻ സാധിക്കാത്ത കാര്യം നമുക്ക് എല്ലാപേർക്കും അറിയാം. പല സ്ഥലങ്ങളിലും അതിനുള്ള ഒബ്ജക്ഷൻ വന്നതാണ്. ഏതായാലും 500 ഏക്കർ സ്ഥലത്ത് സോളാർ ഉപയോഗിക്കാനായി തീരുമാനച്ചിട്ടുണ്ട്. 100 മെഗാ വാട്ട് അവിടെ ഉല്പാദിപ്പിക്കാൻ സാധിക്കും. ഞാൻ കാസർഗോഡ് 200 മെഗാ വാട്ട് എന്ന് പറഞ്ഞതിൽ 500 ഏക്കർ സ്ഥലം ഇതിനുവേണ്ടി വിനിയോഗിക്കാനാണ്

തീരുമാനച്ചിട്ടുള്ളത്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : സർ, കേരളത്തിൽ നാളത്തേയ്ക്ക് ഇത്തിരി ഊർജ്ജം എന്നതിനെ സംബന്ധിച്ചാണ് സംസാരിക്കുന്നത്. ഇടുക്കി ജില്ല നാളത്തേയ്ക്കെന്നല്ല, എന്നത്തേയ്ക്കും സേവനങ്ങൾ നടത്തുന്നു. അങ്ങും കുറേ സഹായങ്ങൾ ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഇടയ്ക്ക് നമ്മുടെ ഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥ കാരണം വൈദ്യുതി ഭൂമിയിലേയ്ക്ക് കടന്നുപോകുന്നു. ഒരു പോസ്റ്റിൽ കൂടി വൈദ്യുതി കടന്നുപോകുകയും അതു വഴി വിറകെടുത്തുകൊണ്ട് നടന്നുപോയ മൂന്ന് ആദിവാസി സ്ത്രീകൾ മരണപ്പെടുകയും ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. നമ്മുടെ ജീവനക്കാരുടെ ശ്രദ്ധക്കുറവുകൊണ്ട് ഇപ്പോഴും പല പോസ്റ്റുകളിലൂടെ വൈദ്യുതി ഭൂമിയിലേയ്ക്ക് കടന്നുപോകുന്നു. ഇതുപോലെ കേരള സംസ്ഥാനത്ത് പല സ്ഥലത്തും കാണും. ഞാൻ ഇവിടെ പറയുവാൻ ഉദ്ദേശിക്കുന്നത് അതുപോലുള്ള അപകടങ്ങൾ തടയുവാനും ഇത്തരത്തിൽ അപകടത്തിൽ മരണപ്പെട്ടവർക്ക് സാധാരണഗതിയിൽ നമ്മുടെ ഗവൺമെന്റ് എന്തെങ്കിലും നഷ്ടപരിഹാരം നൽകുന്നതാണ്. എന്നാൽ ഇതുവരെ അതുസംബന്ധിച്ച് യാതൊരുവിധ അറിയിപ്പും വന്നിട്ടില്ല. ഗവൺമെന്റ് എന്താണ് ഇതിൽ ഉദ്ദേശിക്കുന്നതെന്നുകൂടി പറഞ്ഞാൽ കൊള്ളാം?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ

ഇതുപോലുള്ള മരണങ്ങൾക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കാനായിരുന്നു തീരുമാനം. ആദ്യം 50,000 ആയിരുന്നത് പിന്നീട് ശ്രീ. എ. കെ. ബാലന്റെ കാലത്ത് ഒരുലക്ഷം രൂപ ആക്കി വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തു. എന്നാലത് 5 ലക്ഷമാക്കി ഈ ഗവൺമെന്റ് ഉയർത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ ദാരുണമായ മരണം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. അവിടെ ഓരോരുത്തർക്കും കെ.എസ്.ഇ.ബി. 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം കൊടുക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ : സർ, അങ്ങ് സോളാർ വൈദ്യുത പദ്ധതികൾ വളരെ വ്യാപകമായി നടപ്പാക്കി തുടങ്ങിയതിനെക്കുറിച്ച് പറഞ്ഞു. നമ്മുടെ അനുഭവത്തിൽ മനസ്സിലാക്കിയത്, വീടുകൾ സോളാർ എനർജ്ജിയെ ആശ്രയിക്കണമെങ്കിൽ അതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായിട്ട് തോന്നുന്നത് അതിന്റെ ഇൻസ്റ്റലേഷൻ കോസ്റ്റ് കൂടുതലാണെന്നുള്ളതാണ്. പിന്നീട് കുറച്ചുനാൾ കഴിയുമ്പോൾ ബാറ്ററി റീപ്ലേസ്മെന്റിന്റെ ചെലവ് വരുന്നു. ഇതാണ് സാങ്കേതികമായ തടസ്സമായിട്ട് വരുന്നത്. ഞാൻ മനസ്സിലാക്കിയത് കെ.എസ്.ഇ.ബി ഇത് പ്രധാനമായി ചർച്ച ചെയ്തുവെന്നാണ്. സോളാർ പദ്ധതി വ്യാപകമാക്കുന്ന കാര്യത്തിൽ നമുക്ക് എല്ലാപേർക്കും പ്രതിബന്ധമായിട്ട് അനുഭവപ്പെടുന്ന ഈ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക വിദ്യ കണ്ടുപിടിച്ചിട്ടുണ്ടോ, നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്നാണ് അറിയേണ്ടത്?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം 12 മെഗാ വാട്ട് വീതം 12000 വീടുകളിൽ കണക്ഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബാറ്ററി വഴിയല്ല ഗ്രിഡ് കണക്റ്റഡായിട്ടാണ് ഇത് കൊടുക്കുന്നത്. അത് കെ.എസ്.ഇ.ബി. യുടെ ഗ്രിഡ്ഡിലേയ്ക്കെടുക്കും അവിടെ അവർക്ക് ഉപയോഗിക്കാൻ സാധിക്കും. അതിന്റെ റീഡിംഗ് എടുക്കും. അതിനുള്ള സംവിധാനം ഏർപ്പാട് ചെയ്തിട്ടുണ്ട്. വീടുകളിലും അല്ലാത്ത സ്ഥാപനങ്ങളിലും അങ്ങനെ ചെയ്യുന്ന ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

## പുതിയ സഹകരണ സ്ഥാപനങ്ങൾ

(*32) ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സഹകരണ സ്ഥാപനങ്ങൾക്ക് പുതിയതായി രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ; വിശദാംശം

നല്കമോ;

(ബി) ഏതൊക്കെ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് രജിസ്ട്രേഷൻ നൽകിയിട്ടുള്ളതെന്നും അതിനുവേണ്ടി സ്വീകരിച്ച മാനദണ്ഡം എന്തൊക്കെ ആയിരുന്നുവെന്നും വ്യക്തമാക്കാമോ;

(സി) സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ആർ.ബി.ഐ. എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് അവസാനം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ആകെ 1,798 സഹകരണ സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുതുതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം ഇനിപ്പറയുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 305 |
| കൊല്ലം | - | 140 |
| പത്തനംതിട്ട | - | 52 |

| | | |
|---|---|---|
| കോട്ടയം | - | 86 |
| ഇടുക്കി | - | 61 |
| ആലപ്പുഴ | - | 51 |
| എറണാകുളം | - | 136 |
| തൃശ്ശൂർ | - | 151 |
| പാലക്കാട് | - | 109 |
| മലപ്പുറം | - | 125 |
| കോഴിക്കോട് | - | 223 |
| വയനാട് | - | 31 |
| കണ്ണൂർ | - | 202 |
| കാസർഗോഡ് | - | 100 |
| ഒന്നിൽ കൂടുതൽ ജില്ലകളോ സംസ്ഥാനം മുഴുവനായോ പ്രവർത്തന പരിധിയായുള്ള സംഘങ്ങൾ | - | 26 |
| ആകെ | - | 1798 |

(ബി) പുതുതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളിൽ വായ്പാ സംഘങ്ങൾ മാർക്കറ്റിംഗ് & പ്രോസസിംഗ്, കൺസ്യൂമർ, ഫാമിംഗ് പ്രൊഡ്യൂസേഴ്സ്, ആശുപത്രി, പട്ടികജാതി/പട്ടിക വർഗ്ഗം, വിദ്യാഭ്യാസം, ലേബർ കോൺട്രാക്ട്, വനിത, ടൂറിസം, പലവക എന്നീ മേഖലയിലുള്ള സംഘങ്ങൾ ഉൾപ്പെടുന്നു. 1969-ലെ കേരള സഹകരണ സംഘം നിയമം/ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ, സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ സർക്കുലർ മുഖേന

പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ എന്നിവയ്ക്കനുസൃതമായാണ് രജിസ്ട്രേഷൻ നൽകുന്നത്.

(സി) പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സഹകരണ ബാങ്കുകൾക്ക് ആർ.ബി.ഐ.യുടെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കുന്നത് സംബന്ധിച്ചും സ്റ്റാറ്റ്യൂട്ടറി ലിക്വിഡിറ്റി റേഷ്യോ (എസ്.എൽ.ആർ) കഴിച്ചുള്ള തുകയുടെ നിക്ഷേപം എന്നിവ സംബന്ധിച്ചും സർവ്വീസ് സഹകരണ ബാങ്കുകൾ നൽകുന്ന സ്വർണ്ണ പണയം സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ആർ.ബി.ഐ. നൽകിയിട്ടുണ്ട്. ഏറ്റവും ഒടുവിലായി ലഭിച്ച സ്വർണ്ണപണയം സംബന്ധിച്ച് ലഭിച്ച നിർദ്ദേശങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

<u>ശ്രീ. ജോസ് തെറ്റയിൽ:</u> സർ, ബഹുമാനപ്പെട്ട മന്ത്രി നൽകിയ കണക്കനുസരിച്ച് പുതിയതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുടെ എണ്ണം 1798 ആണ്. ഇത് കേട്ടാൽ കേരള സംസ്ഥാനം കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കുവേണ്ടി ദാഹിക്കുകയാണെന്ന് തോന്നും. ഏരിയ ഓഫ് ഓപ്പറേഷൻ ലംഘിച്ചിട്ടാണ് പല സഹകരണ സംഘങ്ങൾക്കും രജിസ്ട്രേഷൻ

നൽകിയിട്ടുള്ളത്. ഒരേ സ്ഥലത്തുതന്നെ വിവിധ ഉദ്ദേശ്യത്തോടുകൂടിയ സൊസൈറ്റിയും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സൊസൈറ്റികളെ കടലാസ് സൊസൈറ്റികളെന്നാണ് പൊതുവെ പറയുന്നത്. കാരണമെന്തെന്നുവച്ചാൽ, സംസ്ഥാനത്തെ സഹകരണ തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഈ സൊസൈറ്റികൾ പ്രവർത്തിക്കുന്നില്ല. പലപ്പോഴും ഇത്തരത്തിലുള്ള സൊസൈറ്റികൾ ഡീഫാൾട്ടാണെന്ന് പരിശോധിച്ചാൽ മനസ്സിലാകും. അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോളാണ് അതിന് പുനർജന്മം വരുന്നത്. കൃത്യമായി വർക്കുചെയ്യുന്ന സഹകരണ സംഘങ്ങൾക്ക് മാത്രം രജിസ്ട്രേഷൻ നിലനിർത്തിക്കൊണ്ടുപോകാനുള്ള നടപടികൾ സ്വീകരിക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല, എല്ലാ ഗവൺമെന്റിന്റെ കാലത്തും ഇതുപോലുള്ള സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സർവ്വീസ് സഹകരണ ബാങ്ക്, സഹകരണ കാർഷിക വികസന ബാങ്ക് എന്നിവ വ്യത്യസ്ത മേഖലയിലുള്ള സംഘങ്ങളാണ്. മൾട്ടി പർപ്പസിലുള്ള സംഘങ്ങൾ വരുമ്പോൾ ഏരിയ ഓഫ് ഓപ്പറേഷൻ നോക്കാറില്ല. ആരും അതിനെക്കുറിച്ച് പരാതിപ്പെടാറുമില്ല. പഴയകാലത്ത് രജിസ്റ്റർ ചെയ്ത പല സംഘങ്ങളും ഇപ്പോൾ ലിക്വിഡേഷനിലാണ്.

അതൊക്കെ ഓരോന്നിന്റെയും പ്രവർത്തനത്തിന്റെ ഭാഗമായി സംഭവിക്കുന്നതാണ്. ഇപ്പോൾ രജിസ്റ്റർ ചെയ്ത സംഘങ്ങൾ മിക്കവാറും നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നുണ്ടെന്നാണ് കിട്ടിയ അറിവ്. അല്ലാത്ത രീതിയിൽ ഏതെങ്കിലും ഉണ്ടെങ്കിൽ ഇനിയുള്ള കാര്യങ്ങളിൽ വളരെ ശ്രദ്ധിച്ച് കൈകാര്യം ചെയ്യുന്നതായിരിക്കും.

ശ്രീ. ജോസ് തെറ്റയിൽ: സർ, ആധുനിക ബാങ്കിംഗ് പ്രവർത്തനങ്ങൾ നടക്കുന്ന കാലത്ത്, നമ്മുടെ പല സഹകരണ സംഘങ്ങളും റീ-ഓർഗനൈസ്ഡ് അല്ല. സ്റ്റാഫ് പാറ്റേൺ, കമ്പ്യൂട്ടറൈസേഷൻ തുടങ്ങി ഇതിനുവേണ്ടി നടത്തുന്ന ഒരു കാര്യത്തിനും സൂപ്പർവിഷൻ പോലുള്ള ഒന്നും തന്നെയില്ല. പുതിയ സൊസൈറ്റികൾ രൂപീകരിക്കുമ്പോൾ അതിന്റെ ഭാരവാഹികളെ തീരുമാനിക്കുന്നത് വളരെ കുറച്ച് ആളുകൾ ചേർന്നാണ്. അതിനായി ബോർഡ് രൂപീകരിച്ചിട്ടുണ്ടെങ്കിലും അത് പലപ്പോഴും ഫലപ്രദമല്ല. കാർഷിക മേഖല തകർന്നിരിക്കുന്ന, റീ-പേയ്മെന്റ് സാദ്ധ്യമല്ലാത്ത ഈ സമയത്ത് കാർഷിക ലോണുകൾക്കും വിദ്യാഭ്യാസ ലോണുകൾക്കുമെങ്കിലും റേറ്റ് ഓഫ് ഇന്ററസ്റ്റ് കുറയ്ക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, കാർഷിക ലോണുകൾക്ക് ഇപ്പോൾ

ഇന്ററസ്റ്റ് സബ്സിഡി ഉണ്ട്; അതിന് പലിശ വരുന്നില്ല. പക്ഷെ, വിദ്യാഭ്യാസ ലോണിനെ സംബന്ധിച്ച് ഇപ്പോഴും പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഡെപ്പോസിറ്റിനെ ബെയ്സ് ചെയ്താണ് ലോൺ കൊടുക്കുന്നത്. ഡെപ്പോസിറ്റ് കിട്ടുന്നതിന് ഹൈ റേറ്റ് ഇന്ററസ്റ്റാണ് കൊടുക്കുന്നത്. അതുപോലെ സബ്സിഡി കൊടുക്കാനുള്ള സാഹചര്യം ഇന്നത്തെ നിലയിലില്ല. നിലവിലുള്ള സബ്സിഡി കേന്ദ്ര ഗവൺമെന്റ് എടുത്തുകളയാൻ പോകുകയാണ്. ഈ സാഹചര്യത്തിൽ, ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് ഗവൺമെന്റ് വളരെ ഗൗരവമായി പരിശോധിക്കുന്നതാണ്.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ ബാങ്കിംഗ് മേഖലയിൽ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ തകർക്കുന്ന രൂപത്തിലുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേരളത്തിൽ കോർപ്പറേറ്റ് ബാങ്കുകൾക്ക് ഇഷ്ടംപോലെ ശാഖകൾ അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമാകുന്നതിന്റെ അടിസ്ഥാനത്തിൽ പുതിയ ബാങ്ക് ശാഖകൾ വരുന്നു. അതിനുപുറമെ, ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിനും വായ്പ നൽകുന്നതിനും സഹകരണ സ്ഥാപനങ്ങൾക്ക് കൈകാര്യം ചെയ്യാൻ സാധിക്കുന്നതിനേക്കാളും കൂടുതൽ ആധുനികമായ നിലപാടുകൾ ദേശസാൽകൃത ബാങ്കുകൾ സ്വീകരിച്ചുവരുന്ന

ഈ കാലഘട്ടത്തിൽ വളരെ വർഷങ്ങളായി നിലവിലുള്ള, 200 കോടിയോളം രൂപയുടെ ഡെപ്പോസിറ്റുള്ള സഹകരണ ബാങ്കുകൾ ആവശ്യപ്പെടുമ്പോൾ രാഷ്ട്രീയ വ്യത്യാസമില്ലാതെ ശാഖകൾ നൽകാനുള്ള ഒരു സമീപനം സർക്കാർ സ്വീകരിക്കുമോ;

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ:</u> സർ, നമ്മുടെ സഹകരണ മേഖലയിൽ ഇതുവരെ ആര് ആവശ്യപ്പെട്ടാലും ഒരു വ്യത്യാസവുമില്ലാതെ ശാഖകൾ അനുവദിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ ഇഷ്യൂ, സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സഹകരണ വകുപ്പ് രജിസ്ട്രാർ അംഗീകരിച്ച് എൻ.ഒ.സി. കൊടുത്താൽ മാത്രമേ അങ്ങനെയുള്ള ബാങ്കുകൾ ഇവിടെ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ള നിയമം ഇപ്പോൾ നിലവിലുണ്ട്. അങ്ങ് പറഞ്ഞതുപോലെ, ഏതെങ്കിലും ബാങ്കിന് ബ്രാഞ്ച് ആവശ്യപ്പെട്ടിട്ട് കൊടുക്കാതിരുന്നാൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹരിക്കാമെന്നുകൂടി അറിയിക്കുകയാണ്.

<u>ശ്രീ. മാത്യു റ്റി. തോമസ്:</u> സർ, കേന്ദ്രത്തിലെ കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സഹകരണ ബാങ്കുകളിൽ നിരന്തരമായി റെയ്ഡുകൾ നടത്തുന്ന ഒരു സമ്പ്രദായം കൊണ്ടുവരികയുണ്ടായി. നമ്മുടെ

സഹകരണ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നതിൽ നിന്ന് നിക്ഷേപകരെ നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള ഇടപെടലുകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചത് ഇപ്പോഴും തുടരുകയാണ്. ഇതിനെ ഫലപ്രദമായി പ്രതിരോധിക്കാൻ കേരളത്തിലെ സഹകാരികൾ, ബഹുമാനപ്പെട്ട മന്ത്രിയും മുൻമന്ത്രിയുമടക്കമുള്ള ആളുകൾ രാഷ്ട്രീയം നോക്കാതെ ഒരുമിച്ച് നിന്നിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷെ, ഇതിനെ പരിപൂർണ്ണമായി ഒഴിവാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ, സഹകരണ ബാങ്കുകളിൽ നിന്ന് സർവ്വീസ് ടാക്സ് ഈടാക്കുന്നതുമൂലം സഹകരണ മേഖലയെത്തന്നെ തകർക്കാനുള്ള ഒരു ഗൂഢാലോചന ഈ രാജ്യത്ത് രൂപപ്പെടുന്നതിനെ പ്രതിരോധിക്കാൻ ഏന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്നാണ് എന്റെ ചോദ്യം.

<u>ശ്രീ. സി. എൻ. ബാലകൃഷ്ണൻ:</u> സർ, അങ്ങ് പറഞ്ഞ കാര്യത്തിൽ, മൂന്നാറിൽ വച്ച് ചേർന്ന മൂന്ന് ദിവസത്തെ സമ്മേളനത്തിൽ പല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. സർവ്വീസ് ടാക്സിനെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനം അത് ഒഴിവാക്കണമെന്ന് നിരന്തരം ആവശ്യപ്പെട്ടിട്ടും കാര്യമായ ഫലമൊന്നും ഉണ്ടായിട്ടില്ല. മൂന്നാർ സമ്മേളത്തിനുശേഷം ഞാനും ആഭ്യന്തര വകുപ്പുമന്ത്രിയും ഇടുക്കി ജില്ലാ സഹകരണ

ബാങ്ക് പ്രസിഡന്റുംകൂടി ഡൽഹിയിൽ പോയി കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ നേരിൽ കാണുകയും കേരളത്തിന്റെ ഈ ആവശ്യം പ്രത്യേകമായി പറയുകയും സഹകരണ മേഖലയ്ക്ക് കേരളത്തിൽ വരുന്ന ദോഷങ്ങൾ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. അടുത്ത ബഡ്ജറ്റ് സമ്മേളനത്തിൽ ഫിനാൻസ് ബിൽ വരുമ്പോൾ അത് പരിഹരിക്കാമെന്ന് അദ്ദേഹം ഉറപ്പുതന്നിരിക്കുകയാണ്. ഈ കാര്യത്തിൽ നമ്മുടെ സംസ്ഥാനം മാത്രമല്ല ഗുജറാത്തുംകൂടിയുണ്ട്. അത് വിശ്വാസത്തിലെടുത്തിരിക്കുകയാണ്. വീണ്ടും അദ്ദേഹത്തെ സമീപിക്കാൻ പോകുകയാണ്. അദ്ദേഹം വാക്കുപാലിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

<u>ശ്രീമതി ജമീലാ പ്രകാശം:</u> സർ, സംസ്ഥാന അടിസ്ഥാനത്തിൽ വനിതാ സഹകരണ സംഘങ്ങൾക്ക് ഒരു അപ്പെക്സ് ബോഡി വനിതാഫെഡ് എന്ന പേരിൽ നിലവിലുണ്ടെന്നാണ് അറിയുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണെങ്കിലും ഇപ്പോൾ ഇത് പറയത്തക്ക ഒരു പ്രവർത്തനവും ഇല്ലാതെ വന്നിരിക്കുന്ന ഒരവസ്ഥയിലാണ്. വനിതാ സഹകാരികളുടെയും വനിതാ സംരഭകരുടെയും ശാക്തീകരണത്തിന് സമഗ്രമായ വിലപ്പെട്ട ധാരാളം സംഭാവനകൾ നൽകുവാൻ വേണ്ടിയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ അപ്പെക്സ് ബോഡിക്ക് രൂപം നൽകിയത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹായങ്ങൾ

മാത്രമല്ല, യു.എൻ.ഒ. മുതൽ ഇങ്ങോട്ടുള്ള അന്താരാഷ്ട്രതലത്തിൽത്തന്നെയുള്ള വിവിധ വനിതാ ശാക്തീകരണ പ്രസ്ഥാനങ്ങളുടെ വിവിധങ്ങളായ പദ്ധതികളുടെ പ്രയോജനം നമ്മുടെ സംസ്ഥാനത്തെ വനിതാ സഹകാരികൾക്കും സംരഭകർക്കും ലഭിക്കുവാനുള്ള ഒരു വഴികൂടിയായിട്ടാണ് ഈ വനിതാഫെഡിന് രൂപം നൽകിയത്. പക്ഷെ ഇപ്പോൾ ഇതിന്റെ പ്രവർത്തനത്തെപ്പറ്റി ഈ സർക്കാർ യാതൊന്നും ശ്രദ്ധിക്കുന്നില്ല എന്നുള്ള പരാതികളും ആക്ഷേപങ്ങളുമൊക്കെ ഉയർന്നുവരികയാണ്. ഈ സമയത്ത് നമുക്ക് ഈ വനിതാഫെഡ് എന്ന അപ്പെക്സ് ബോഡിയെ കർമ്മോന്മുഖമാക്കി അതുവഴി നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള അസംഖ്യം വനിതാ സഹകാരികൾക്കും സംരഭകർക്കുമെല്ലാം വളരെ ഗുണകരമായുള്ള കാര്യങ്ങൾ കൊണ്ടുവരാനുമായി ഈ സർക്കാർ എന്തെങ്കിലും നടപടിയെടുക്കുന്നുണ്ടോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, നമ്മുടെ വനിതാ സഹകരണ സംഘങ്ങളിൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നവയും തീരെ മോശമായി പ്രവർത്തിക്കുന്നവയുമുണ്ട്. അതിന്റെ അപ്പെക്സ് സൊസൈറ്റിയാണ് വനിതാഫെഡ്. ഈ സംഘങ്ങളെ എങ്ങനെ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയുമെന്ന കാര്യത്തിൽ ഒരു കമ്മിറ്റി വച്ച് പഠിച്ചതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ അപ്പെക്സ്

ബോഡി പറഞ്ഞ പല കാര്യങ്ങൾക്കും സാമ്പത്തിക സഹായം ചെയ്തിട്ടുണ്ട്. കുറച്ചുകൂടി നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെയ്യാൻ സാധിക്കും. അതോടൊപ്പംതന്നെ പ്രാഥമിക സഹകരണ സംഘങ്ങളിൽ റെസലൂഷൻ കൊടുത്തിരിക്കുകയാണ്..... ആദ്യം ഒരാളായിരുന്നത് രണ്ടാളായും ഇപ്പോൾ മൂന്നാളുമായിരിക്കുകയാണ്....... ഒരു പുതിയ ബിൽ നമ്മൾ തയ്യാറാക്കുകയാണ്. മൂന്നാൾ തീരുമാനം അനുസരിച്ച് സഹകരണ മേഖലയിലെ പല മാറ്റങ്ങളും ഇന്നത്തെ കാലത്ത് ഉൾക്കൊള്ളേണ്ടതുണ്ട്. അത് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ശ്രീ. കെ. ശിവദാസൻ നായർ ചെയർമാനായുള്ള ഒരു കമ്മിറ്റിയെ വച്ചിരിക്കുകയാണ്. എല്ലാ രാഷ്ട്രീയ കക്ഷികളുടെയും നേതാക്കൾ അതിലുണ്ട്. ആ റിപ്പോർട്ടിന്റെ പ്രധാനപ്പെട്ട ശിപാർശയിൽ, സ്ത്രീകളുടെ ഉന്നമനത്തിനായി എന്ത് ചെയ്യാൻ കഴിയുമെന്ന കാര്യം വളരെ ഗൗരവമായി ആ കമ്മിറ്റിയുടെ ശ്രദ്ധയിൽ വന്നിരിക്കുകയാണ്. അതുകൂടി വരുമ്പോൾ നമ്മൾ ഉദ്ദേശിച്ച കാര്യം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, സാധാരണ ഗതിയിൽ സഹകരണ മേഖല പലപ്പോഴും സംഘർഷഭരിതമാകാറുണ്ട്. വലിയ സംഘട്ടനങ്ങൾ വരെ സഹകരണ മേഖലയിൽ പലപ്പോഴും ഉണ്ടായിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രി

സമന്വയത്തിന്റേതായിട്ടുള്ളൊരു സാഹചര്യത്തിലാണ് സഹകരണ മേഖലയെ കൊണ്ടുപോകുന്നത് എന്നുള്ളത് പ്രത്യേകം അഭിനന്ദാർഹമാണ്. പുതിയതായി രജിസ്ട്രേഷൻ കൊടുക്കുന്നതിനെ സംബന്ധിച്ചാണ് ചോദ്യം. ഭരണഘടനയുടെ ഭേദഗതിയോടുകൂടി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഭരണഘടനയിൽ തന്നെ പ്രത്യേക അവകാശമായി മാറ്റിയിരിക്കുമ്പോൾ നമുക്ക് രജിസ്ട്രേഷൻ നിയന്ത്രിക്കാൻ സാധ്യമല്ല. എന്നാൽ മറ്റിനം സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നല്ല രീതിയിൽ വരുന്നുമുണ്ട്. ചില സംഘങ്ങൾ വളരെ മോശമായ രീതിയിൽ ഡീഫങ്റ്റായി പോകുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ other type of societies കൂടുതൽ രജിസ്റ്റർ ചെയ്യുന്നൊരു സാഹചര്യം ഉണ്ടായതുകൊണ്ട് ആ സംഘങ്ങളെ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും, അവയെ ശരിയായ രീതിയിൽ കൊണ്ടുപോകുന്നതിനുമുള്ള പ്രത്യേക സംവിധാനം സഹകരണ ഡിപ്പാർട്ടുമെന്റിൽ ഉണ്ടാക്കുന്നതിനെകുറിച്ച് പ്രത്യേകമായി ആലോചിക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, പല സംഘങ്ങളിലും സമയത്ത് ഇൻസ്പെക്ഷൻ നടക്കാത്തതിനാലുള്ള പ്രശ്നങ്ങളുണ്ട്. ഡിപ്പാർട്ടുമെന്റിന് ആവശ്യത്തിനുള്ള സ്റ്റാഫിനെ

കിട്ടുന്നില്ല. പുതിയ നിയമമനുസരിച്ച് നമ്മുടെ ആഡിറ്റ് സംവിധാനം up to date ആക്കേണ്ടതുണ്ട്. എന്നാൽ അതിനാവശ്യമായ സ്റ്റാഫിനെ കിട്ടുന്നില്ല. ഇതുകാരണം പല സംഘങ്ങളിലും സമയത്ത് ഇൻസ്പെക്ഷൻ നടത്താൻ സാധിക്കുന്നില്ല. ഇക്കാര്യം പരിഹരിക്കുന്നതിനായി പ്രത്യേകമായ ചില തീരുമാനങ്ങളെടുക്കാൻ ശ്രീ. കെ. ശിവദാസൻ നായർ എം.എൽ.എ. തന്നെ ചെയർമാനായിട്ടുള്ള കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വരുന്നതിനനുസരിച്ച് ഒരു ബിൽ പുതുതായി നിയമസഭയിൽ കൊണ്ടുവരേണ്ടതായി വരും. ആ സമയത്ത് ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾ നടത്തി ഒരു പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭരണഘടനയൊക്കെ ഉണ്ടെങ്കിലും മറ്റുള്ള സംഘങ്ങൾക്ക് ദോഷം വരാത്ത രീതിയിലുള്ള കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടുമാത്രം പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഗ്രാമീണ കൃഷിക്കാരന്റെ ആശ്രയമാണ് സർവ്വീസ് സഹകരണ ബാങ്കുകൾ. ഈ സർവ്വീസ് സഹകരണ ബാങ്കിന്റെ അപെക്സ് ബാങ്കാണ് സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക്, ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്ക് എന്നിവ. കയർ, കശുവണ്ടി, കൈത്തറി തുടങ്ങി എല്ലാ സെക്ഷനിലും അപെക്സ് ബാങ്കുകളുണ്ട്. കാലിത്തീറ്റ സഹകരണ സംഘം, കാളവണ്ടി

സഹകരണ സംഘം എന്നിങ്ങനെ ആർക്കുവേണമെങ്കിലും സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ സാധിക്കും. 1,798 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സംഘങ്ങൾക്ക് അഫിലിയേഷൻ കൊടുക്കേണ്ടെന്ന് പറയുന്നില്ല. പക്ഷേ അവർക്ക് വോട്ടവകാശം കൊടുക്കാത്ത രീതിയിലുള്ള 'ബി' ക്ലാസ് അംഗത്വം കൊടുത്തുകൊണ്ട് ഈ സർവ്വീസ് സഹകരണ ബാങ്കുകളെ രക്ഷിക്കാനുള്ള നടപടികൾ അങ്ങ് സ്വീകരിക്കുമോ; അതിനായി പ്രത്യേക നിയമം കൊണ്ടുവരുന്നതിലും തെറ്റില്ല. ആ രീതിയിൽ സർവ്വീസ് സഹകരണ സംഘങ്ങളെ രക്ഷിക്കാനുള്ളൊരു പദ്ധതി ഉണ്ടാക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത്. അക്കാര്യം അങ്ങ് പരിഗണിക്കുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ഇന്നത്തെ സംവിധാനത്തിൽ ഇതൊക്കെ സംരക്ഷിക്കാൻ സാധിക്കുന്നുണ്ട്.

ശ്രീ. ബി. സത്യൻ: സർ, സഹകരണ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ നടത്തുന്ന ഭൂരിപക്ഷം സംഘങ്ങളും നഷ്ടത്തിലാണ്. ആ സംഘത്തെ ഉദ്ധരിക്കുന്നതിനായുള്ള പാക്കേജുകൾ പല സന്ദർഭത്തിലായി കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ അവയൊന്നും പ്രവൃത്തിപഥത്തിലേയ്ക്ക് വരുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സഹകരണ സംഘങ്ങളെ

പുനരുദ്ധരിച്ചെടുക്കുന്നതിനുള്ള ഏതെങ്കിലും കർമ്മ പരിപാടികൾ അങ്ങയുടെ പരിഗണനയിലുണ്ടോ; അവർക്കുള്ള വായ്പകൾ എഴുതിത്തള്ളുന്ന ഒരു പദ്ധതി കഴിഞ്ഞ രണ്ടുവർഷക്കാലം അങ്ങ് നന്നായി നടത്തിയതാണ്. പലതരത്തിലുള്ള അപാകതകൾകൊണ്ട് ആ ആനുകൂല്യം കിട്ടാത്തവരുമുണ്ട്. അക്കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ മറ്റു സംഘങ്ങളെപ്പോലെ കാണുന്നത് ശരിയല്ല. സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലിരിക്കുന്ന ഇത്തരം സംഘങ്ങളെ ഉദ്ധരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റിയുടെ റിപ്പോർട്ട് വരികയും ചെയ്തിട്ടുണ്ട്. സാമ്പത്തികമായും മറ്റ് എന്തെല്ലാം രീതിയിൽ ഇവയെ സഹായിക്കാൻ സാധിക്കുമെന്നുള്ള കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗൗരവത്തോടെ ആലോചിക്കുന്നുണ്ട്. കടങ്ങൾ എഴുതിത്തള്ളിയവയെ സംബന്ധിച്ച് എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ അക്കാര്യം പരിശോധിക്കാം. അത് പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാർ ചെയ്ത കാര്യമാണ്. സഹകരണ വകുപ്പും അതിന് വേണ്ടത്ര പ്രചോദനം

കൊടുത്തിട്ടുണ്ട്. എസ്.സി/എസ്.ടി. മേഖലയിലുള്ള സംഘങ്ങളെ ഏത് രീതിയിൽ നന്നായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരമായി ആലോചിക്കുമെന്ന് അറിയിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലിന്റെ ഫലമായി സഹകരണ മേഖലയിൽ സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. മൂന്നാറിൽ മൂന്നുദിവസമായി നടന്ന കോ-ഓപ്പറേറ്റീവ് വിഷൻ 2015-ൽ വളരെ ഫലപ്രദാമായ ചർച്ചയാണ് സഹകരണ മേഖലയെ സമ്പുഷ്ടമാക്കുന്നതിനായി നടന്നത്. ബഹുമാനപ്പെട്ട മന്ത്രി നടത്തിയിട്ടുള്ള എല്ലാ ജില്ലയിലെയും മുഖാമുഖം പരിപാടി സഹകരണ മേഖലയിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾക്കു കൂടി പരിഹാരം ഉണ്ടാക്കുന്നതിന് ഏറെ സഹായകരമായിട്ടുണ്ട്. ഇന്ന് കേരളത്തിലെ ഏറ്റവും നല്ല ബാങ്കുകൾ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളാണ്. കൊമേഴ്സ്യൽ ബാങ്കുകളോടുപോലും കിടപിടിക്കാൻ കഴിയുന്ന ബാങ്കുകൾ പ്രവർത്തിക്കുന്ന നമ്മുടെ സംസ്ഥാനത്ത് സർവ്വീസ് സഹകരണ ബാങ്കുകൾക്ക് ബാങ്കിംഗ് ഇതര സർവ്വീസുകൾ നടത്താൻ പാടില്ല എന്നുള്ള നിർദ്ദേശമാണ് ആർ.ബി.ഐ. നൽകിയത്. സഹകരണ സ്ഥാപനങ്ങൾ കൂടുതൽ സേവന മേഖലയിലേയ്ക്ക് പോകണമെന്നുള്ള നിലപാടുമായി നമ്മൾ

മുന്നോട്ടുപോകുമ്പോൾ ബാങ്കിംഗ് ഇതര ബിസിനസ്സുകൾ നടത്താൻ പാടില്ലെന്ന് ആർ.ബി.ഐ. പറയുന്നു. ആർ.ബി.ഐ.യുടെ ഈ നിർദ്ദേശം മറികടക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, ആർ.ബി.ഐ.യുടെ നിർദ്ദേശം മറികടക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ട്. പക്ഷേ കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന രീതിയിലുള്ള നിയമങ്ങൾ ഇന്ന് സഹകരണ മേഖലയിലുണ്ട്. അത് കുറച്ചുകൂടി ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളെ സംബന്ധിച്ച് ചർച്ച ചെയ്തുവരികയാണ്. ഒരു സേവന മേഖലയായി സഹകരണ മേഖലയെ മാറ്റണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, അങ്ങ് ബാങ്കുകളുടെ ബ്രാഞ്ചുകൾ അനുവദിക്കുന്നതിനെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. കോഴിക്കോട് താലൂക്കിലെ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് മറ്റുള്ള ബാങ്കുകളുടെ പരിധിയിൽ ബ്രാഞ്ച് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് ആ താലൂക്കിലെ മുഴുവൻ ജനപ്രതിനിധികളും ജീവനക്കാരും ഇന്ന് സമരത്തിലാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നത്?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, അക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ഇടക്കിടയ്ക്ക് ഹൈക്കോടതിയിൽ പോകുകയാണ്. കോടതിയുടെ പല പരാമർശങ്ങളും ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നയങ്ങൾക്ക് എതിരായി പലപ്പോഴും വരുന്നുണ്ട്. കോടതിയെ ഉപദേശിക്കാൻ നമുക്ക് അധികാരമില്ല. കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് കോഴിക്കോട് ജില്ലയിൽ അവർക്ക് പാടില്ലാത്ത ചില സ്ഥലങ്ങളിൽ ബ്രാഞ്ച് തുടങ്ങിയിട്ടുണ്ട്. ഗവൺമെന്റ് ഇത് ഗൗരവമായി എടുക്കുന്നുണ്ട്. ഒരു കാര്യത്തിലും ഇതിന് കൂട്ടുനിൽക്കില്ല.

ശ്രീ. എം. ഹംസ: കേന്ദ്ര ഗവൺമെന്റ് സഹകരണ മേഖലയിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാടുകളുടെ ഭാഗമായി ഗവൺമെന്റ് എസ്.എൽ.ആർ.കളിലെ 25 ശതമാനം തുകയും ഗവൺമെന്റ് സെക്യൂരിറ്റിയിൽ, പ്രത്യേകിച്ച് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സെക്യൂരിറ്റിയിൽ നിക്ഷേപിക്കണം. 2015 മാർച്ച്-ഓടുകൂടി 100 ശതമാനം സെക്യൂരിറ്റികളും ഗവൺമെന്റ് സെക്യൂരിറ്റിയാവണമെന്നുള്ള തീരുമാനമെടുത്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ വന്നാൽ നമ്മുടെ കേരളത്തിലെ സർവ്വീസ് സഹകരണ

ബാങ്കുകളുടെയും ജില്ലാ, സംസ്ഥാന ബാങ്കുകളുടെയും നിലനിൽപ്പ് എന്തായിരിക്കും എന്നതിനെകുറിച്ചുള്ള പഠനം നടന്നിട്ടുണ്ടോ; ആ പഠനത്തിന്റെ അടിസ്ഥാനത്തിൽ അത് പരിഹരിക്കാനും അത് മുറിച്ചു കടക്കാനുമുള്ള എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്ന് വ്യക്തമാക്കാമോ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, അതിനെ സംബന്ധിച്ച് നടപടിയെടുക്കുന്നുണ്ട്. മാർച്ച് എന്നത് കുറച്ചുകൂടി എക്സ്റ്റന്റ് ചെയ്തിട്ടുണ്ട്. അതിനെ സംബന്ധിച്ച് എന്താണ് ചെയ്യാൻ പറ്റുന്നത് എന്നത് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തര സമയം കഴിഞ്ഞു.